"ഭരണഭാഷ – മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ: H1/34297/12

തൈക്കാട്, തിരുവനന്തപുരം-14

തീയതി: 27.01.14

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് ഡി.ജി.ഇ.റ്റിയിൽ നിന്നും പ്രിന്റ് ചെയ്ത് ലഭ്യമാക്കിയിട്ടുള്ള എൻ.ടി.സി കളിൽ അപാകത പരിഹരിക്കാൻ കഴിയാത്ത എൻ.ടി.സി കൾ സംബന്ധിച്ച വിവരം സി.ഡിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്നത് – സംബന്ധിച്ച്.

*********

NCVT സെക്രട്ടറിയുടെ മേലൊപ്പോടുകൂടി DGET യിൽ നിന്നും പ്രിന്റ് ചെയ്ത് ലഭ്യമാക്കിയിരുന്ന ജൂലൈ 2010 വർഷം മുതൽ ഫെബ്രുവരി 2012 വർഷം വരെയുള്ള NTC കൾ ബിഫോമുമായി പരിശോധിക്കുകയും, ന്യൂനതകൾ ഇല്ലാത്തവയിൽ SCVT സെക്രട്ടറി മേലൊപ്പു ചാർത്തി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വിതരണം നടത്തുകയും ചെയ്തിരുന്നു.

DGET യിൽ നിന്നും ടി പ്രിന്റ് ചെയ്ത് ലഭ്യമാക്കിയിട്ടുള്ള NTC കളിൽ ചിലതിൽ ട്രെയിനിയുടെ പേര്/രക്ഷകർത്താവിന്റെ പേര് /ജനനതീയതി/ട്രേഡ്/ട്രെയിനിംഗ് പിരീഡ് തുടങ്ങിയ രേഖപ്പെടുത്തലുകളിൽ ന്യൂനതകൾ ഉള്ളതായി കണ്ടെത്തുകയും, ടി ന്യൂനതകൾ രേഖാമൂലവും, മേലൊപ്പു ചാർത്തിയ NTC കൾ കൈപ്പറ്റിയ അവസരത്തിൽ നേരിട്ടും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ അറിയിക്കുകയും ചെയ്തിരുന്നു. കൂടാതെ ടി മേലൊപ്പു ചാർത്തി ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വിതരണം നടത്തിയിട്ടുള്ള NTC കളിൽ ചിലതിൽ SSLC ബുക്കിൽ നിന്നും വ്യത്യസ്തമായി ജനനതീയതി രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതായും ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അറിയിച്ചിരിക്കുന്നു.

ടി ട്രെയിനികളെ സംബന്ധിക്കുന്ന വിവരം ആധികാരികമായ രേഖകളുടെ അടിസ്ഥാനത്തിൽ കൃത്യമായും സൂക്ഷ്മമായും പരിശോധി

ക്കാതെ സി.ഡിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയതിനാലാണ് ഇപ്രകാരം ന്യൂനതകൾ സംഭവിച്ചിട്ടുള്ളതെന്ന് കാണുന്നു. ഇത് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരുടെ ഭാഗത്തു നിന്നും സംഭവിച്ച ഗുരുതരമായ വീഴ്ചയായി മാത്രമേ കണക്കാക്കാൻ കഴിയുകയുള്ളൂ.

ടി ന്യൂനതകൾ സംഭവിച്ച മുഴുവൻ NTC കളുമായും ബന്ധപ്പെട്ട ട്രെയിനികളെ സംബന്ധിക്കുന്ന വിവരം, ആധികാരികമായ രേഖകളുടെ (SSLC ബുക്ക് , അഡ്മിഷൻ രജിസ്റ്റർ, ബി.ഫാം തുടങ്ങിയവ) അടിസ്ഥാനത്തിൽ നിശ്ചിത ഫോർമാറ്റ് (ഫോർമാറ്റ് A,B,C,D,X) പ്രകാരം തയ്യാറാക്കി സി.ഡിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. ടി NTC കൾ സംബന്ധിച്ച വിവരം സി.ഡി.യിൽ ഉൾപ്പെടുത്തി ലഭ്യമാക്കുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ കർശനമായും പാലിക്കേണ്ടതാണ്.

**<u>നിബന്ധനകൾ</u>**

(i) ട്രെയിനിയുടെ പേര്, രക്ഷകർത്താവിന്റെ പേര് ജനനതീയതി എന്നിവ SSLC പ്രകാരവും ട്രെയിനിംഗ് പിരീഡ് അഡ്മിഷൻ രജിസ്റ്റർ പ്രകാരവും ട്രേഡിന്റെ പേര്, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് തുടങ്ങിയവ അഫിലിയേഷൻ ഉത്തരവ് പോലെയുള്ള ആധികാരികമായ രേഖകൾ പ്രകാരവും കൃത്യമായും സൂക്ഷമമായും പരിശോധിച്ച് യാതൊരപാകതയും സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പു വരുത്തിയശേഷം മാത്രമേ സി.ഡിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കാവൂ.

(ii) ഈ കാര്യാലയത്തിൽ നിന്നും മേലൊപ്പു ചാർത്തി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക് വിതരണം നടത്തിയിട്ടുള്ള ജൂലൈ 2010 വർഷം മുതൽ ഫെബ്രുവരി 2012 വർഷം വരെ കാലയളവിലുള്ള NTC കളിൽ, ന്യൂനതകൾ കണ്ടെത്തിയ NTC കൾ സംബന്ധിച്ച ശരിയായ വിവരം ഫിൽ കളർ ഉപയോഗിച്ച് കളർ ചെയ്ത് വേണം ടി സി.ഡി യിൽ ഉൾപ്പെടുത്തി ലഭ്യമാക്കേണ്ടത്.

(iii) ടി സി.ഡി യിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന മുഴുവൻ ട്രെയിനികളുടെയും SSLC യുടെയും അഡ്മിഷൻ രജിസ്റ്ററിന്റെയും സാക്ഷ്യപ്പെടുത്തിയ ഓരോ പകർപ്പുകൾ നിശ്ചിത ഫോർമാറ്റുകൾ പ്രകാരം സി.ഡി യിൽ ഉൾപ്പെടുത്തിയ NTC കളുടെ അതേ ക്രമത്തിൽ അടുക്കി സി.ഡി യോടൊപ്പം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇപ്രകാരം നിശ്ചിത ഫോർമാറ്റിൽ സി.ഡി യിൽ ഉൾപ്പെടുത്തുന്ന ട്രെയിനികളുടെ വിവരത്തിന്റെ Print out ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഔദ്യോഗിക മുദ്ര സഹിതം ഒപ്പുചാർത്തി ടി സി.ഡിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

(IV) ഈ കാര്യാലയത്തിൽ നിന്നും കൈപ്പറ്റിയിട്ടുള്ള ജൂലൈ 2010 വർഷം മുതൽ ഫെബ്രുവരി 2012 വർഷം വരെയുള്ള എൻ.ടി.സി കളിൽ വിതരണം നടത്തുന്നതിന് മുൻപ് അപാകത കണ്ടെത്തിയ NTC കളും വിതരണം നടത്തിയ ശേഷം ജനനതീയിതിയിലെ വ്യത്യാസമുൾപ്പെടെയുള്ള ന്യൂനതകൾ കണ്ടെത്തിയ NTC കളും ബന്ധപ്പെട്ട ഇൻസ്റ്റിറ്റ്യൂട്ടുകളിൽ തന്നെ സൂക്ഷിക്കേണ്ടതും ഈ കാര്യാലയത്തിൽ നിന്നും അറിയിപ്പ് ലഭിക്കുന്ന മുറക്ക് ടി സർട്ടിഫിക്കറ്റുകൾ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്. ന്യൂനതകൾ സംഭവിച്ചതുമൂലം മേലൊപ്പു ചാർത്തി നൽകാത്ത NTC കൾ ഈ കാര്യാലയത്തിൽ തന്നെ സൂക്ഷിക്കുന്നുണ്ട്.

(V) പരിഹരിക്കാൻ കഴിയാത്ത ന്യൂനതകൾ സംഭവിച്ചിട്ടുള്ള മുഴുവൻ NTC കൾക്കും പകരം വീണ്ടും NTC കൾ ഡി.ജി.ഇ.റ്റി യിൽ നിന്നും ലഭ്യമാക്കുന്നതിന് ഓരോ NTCക്കും ഡി.ജി.ഇ.റ്റി നിശ്ചയിച്ചിരുന്ന തുക ഒടുക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ബാധ്യസ്ഥരായിരിക്കും.

ടി സി.ഡിയും ബന്ധപ്പെട്ട രേഖകളും 7 ദിവസത്തിനുള്ളിൽ ഡെപ്യൂട്ടി ഡയറക്ടർ ട്രെയിനിംഗിന്റെ പേരു വച്ച കവറിൽ നേരിട്ടോ രജിസ്റ്റേർഡായോ ലഭ്യമാക്കേണ്ടതാണ്.

ടി സിഡിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന വിവരത്തിൽ യാതൊരു പാകതയും കടന്നുകൂടിയിട്ടില്ലായെന്ന് ഉറപ്പുവരുത്തേണ്ടതിന്റെ പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്കാണ്. ടി വിവരം യഥാ സമയം ലഭ്യമാക്കുന്നതിൽ വീഴ്ചവരുത്തുകയോ തെറ്റായ വിവരം സി.ഡി യിൽ ഉൾപ്പെടുത്തി ലഭ്യമാക്കുകയോ ചെയ്യുന്ന പക്ഷം ട്രേഡ് ടെസ്റ്റ് വിജയിച്ച നിരവധി പേർക്ക് NTC കൾ അനുവദിക്കുന്നതിൽ ഇനിയും കാലതാമസം വന്നു ചേരുമെന്ന് കാണുന്നു. തൊഴിൽ വൈദഗ്ദ്യം നേടിയ നിരവധി പേരുടെ ഭാവിയെ ഇത് പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രിൻസിപ്പാൾമാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഇത്തരത്തിലുള്ള വീഴ്ച ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കുന്നതാണ്.

അഡീഷണൽ ഡയറക്ടർ (ട്രെയിനിംഗ്)
B. SREEKUMAR
ADDL. DIRECTOR OF TRAINING

To
എല്ലാ ഗവ/പ്രൈവറ്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

ജി.24.1.14